**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3532** **20/06/2018-ൽ മറുപടിയ്ക്ക്**

# രക്ത പരിശോധനയിൽ സംഭവിച്ച വീഴ്ച

**ചോദ്യം**

**ശ്രീ. റോജി എം. ജോൺ**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ കീഴിലുള്ള എ.സി.ആർ ലാബിൽ പട്ടം സ്വദേശിനിയുടെ രക്ത പരിശോധനയിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായ ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (എ) | അന്വേഷിച്ചിട്ടുണ്ട്. |
| (ബി) | എ.സി.ആർ ലാബിലെ ജീവനക്കാരുടെ യോഗ്യതയെക്കുറിച്ച് ഉയർന്നുവന്ന പരാതികൾ ഗൗരവമായി എടുത്തിട്ടുണ്ടോ; | (ബി) | ഗൗരവമായി എടുത്തിട്ടുണ്ട്. ബി.എസ്.സി, എം.എൽ.റ്റി / ഡി.എം.എൽ.റ്റി യോഗ്യതയുള്ള, പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ യോഗ്യതയുള്ള ലാബ് ടെക്നീഷ്യന്മാരാണ് എ.സി.ആർ ലാബുകളിൽ സേവനമനുഷ്ഠിക്കുന്നത്. യോഗ്യത സംബന്ധിച്ച് കർശനമായ മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനങ്ങൾ നടത്തിവരുന്നത്. |
| (സി) | ജനങ്ങൾക്ക് മികച്ചതും ഗുണനിലവാരമുള്ള പരിശോധന ഉറപ്പ് വരുത്തുവാൻ ബാധ്യസ്ഥവുമായ ഇത്തരം സ്ഥാപനങ്ങളിലുണ്ടാകുന്ന ചെറിയ പാളിച്ചകൾപോലും സമൂഹത്തിൽ വലിയ ചർച്ചയാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഗൗരവമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ; | (സി) | 12.05.2018-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എ.സി.ആർ ലാബിൽ രക്ത ഗ്രൂപ്പ് നിർണ്ണയ പരിശോധനയ്ക്കായി എത്തിയ ശ്രീമതി. ലിസമ്മ വർഗ്ഗീസ് എന്ന വ്യക്തിയുടെ രക്ത പരിശോധനയിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് അടിയന്തിര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് എ.സി.ആർ ലാബ് സയന്റിഫിക് ഓഫീസറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം ഹെമറ്റോളജി |

| | | | |
|---|---|---|---|
| | | | ഡിവിഷനിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ശ്രീമതി. അഞ്ജ്ന സി.എം, ലാബ് ടെക്നീഷ്യൻ ശ്രീമതി. നിഷ എൽ.എസ്, ലാബ് ടെക്നീഷ്യൻ ട്രെയിനി, ശ്രീമതി.അഖില.റ്റി, ലാബ് ടെക്നീഷ്യൻ ട്രെയിനി എന്നിവരെ വിശദമായ അന്വേഷണത്തിന്റെ ഭാഗമായി ജോലിയിൽ നിന്നും മാറ്റി നിർത്തി തുടർ അന്വേഷണം നടത്തി. അന്വേഷണത്തിന്റെ വെളിച്ചത്തിൽ ശ്രീമതി.അഖില. റ്റി. ലാബ് ടെക്നീഷ്യൻ ട്രെയിനിയുടെ ഭാഗത്ത് നിന്നും കൃത്യവിലോപം ഉള്ളതായി വ്യക്തമായതിനെ തുടർന്ന് ടിയാളെ ജോലിയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.കൂടാതെ ശ്രീമതി. അഞ്ജ്ന സി.എം. ലാബ് ടെക്നീഷ്യനെ താക്കീക് നൽകി സ്ഥലംമാറ്റി നിയമിച്ചും സസ്പെൻഷൻ കാലയളവിലെ ശമ്പളത്തിന് അർഹതയില്ലാതെയും ഉത്തരവായിട്ടുണ്ട്. ശ്രീമതി. നിഷ എൽ.എസ്, ലാബ് ടെക്നീഷ്യൻ ട്രെയിനിയെ കൃത്യവിലോപം ഇല്ലാത്തതിനാൽ ജോലിയിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ